## നഗരസഭയുടെ കമ്മ്യൂണിറ്റി കിച്ചൺ എ.എം.ആരിഫ് എം.പി സന്ദർശിച്ചു

ആലപ്പുഴ: ആലപ്പുഴ നഗരസഭയിലെ സിവിൽ സ്റ്റേഷന് വാർഡില് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ എ.എം.ആരിഫ് എം.പി വെള്ളിയാഴ്ച സന്ദർശിച്ചു. ആലപ്പ്ുഴ ഗവ. മുഹമ്മദൻസ് ഹയര് സെക്കണ്ടറി സ്കൂളിലാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നത്. പ്രതിദിനം 430 ഓളം പേർക്കാണ് ഇവിടെ നിന്നും ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നത്. നഗരസഭാധ്യക്ഷൻ ഇല്ലിക്കല് കുഞ്ഞുമോന്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ അഡ്വ.എ.എ. റസാഖ്, ബഷീർ കോയാപറമ്പില്, ബിന്ദു തോമസ്, ജി. മനോജ് കുമാർ, കമ്മ്യൂണിറ്റി കിച്ചന്റെ ചുമതലയുള്ള കൗൺസിലര് എ.എം. നൗഫൽ, കൗൺസിലർമാരായ ഷോളി സിദ്ധകുമാർ, ആർ. ഹരി, നഗരസഭ സെക്രട്ടറി മുഹമ്മദ് ഷാഫി, ജബിത, ഹബീബ് എന്നിവർ സന്നിഹിതരായിരുന്നു.

(ചിത്രമുണ്ട്)

## ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചണുകളില് ഇന്ന്

ആലപ്പുഴ: കോവിഡ് 19ന്റെ പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആവശ്യമുള്ളവർക്ക് ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകള് വഴി ജില്ലയിലെ പഞ്ചായത്തുകളിൽ വെള്ളിയാഴ്ച 11426 പേർക്ക് ഉച്ചഭക്ഷണം നൽകിയെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.എം.ഷഫീഖ് അറിയിച്ചു. ഇതിൽ 418 അതിഥി തൊഴിലാളികളും ഉൾപ്പെടും. 9784 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്.
നഗരസഭകളുടെ കീഴിൽ ജില്ലയില് 2912 പേർക്ക് ഉച്ചഭക്ഷണം നൽകിയതായി നഗരസഭകളിലെ കമ്മ്യൂണിറ്റി കിച്ചണുകളുടെ ചുമതലയുള്ള സി. പ്രേംജി അറിയിച്ചു.

2207 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഇതിൽ 119 അതിഥി തൊഴിലാളികളും ഉൾപ്പെട്ടും.

## ഓപ്പറേഷൻ സാഗര് റാണി:

## പരിശോധന കർശനമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്

ആലപ്പുഴ: ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്നലെ (10.04.2020) ജില്ലയിലെ 15 ഓളം സ്ഥലത്ത് പരിശോധനകൾ നടത്തി. അരൂർ, ചേർത്തല, ആലപ്പുഴ ഭക്ഷ്യ സുരക്ഷാ സർക്കിളുകളിലെ അരൂര് മത്സ്യമാർക്കറ്റ്, ചന്തിരൂർ മത്സ്യമാർക്കറ്റ്, തുറവൂർ പുത്തൻചന്ത മത്സ്യസ്റ്റാളുകള്, പൊന്നാംവെളി, കലവൂർ, സർവോദയപുരം മത്സ്യമാർക്കറ്റുകള് എന്നിവിടങ്ങൾ കേന്ദ്രികരിച്ചായിരുന്നു പരിശോധന.

പഴകിയ മീൻ ഹാനികരമായ രാസവസ്തുക്കള് ചേർത്ത് വിൽക്കുന്നത് തടയാനുള്ള ഓപ്പറേഷൻ സാഗര് റാണിയുടെ ഭാഗമായാണ് പരിശോധന നടത്തിയത്. സർവോദയപുരം (കലവൂർ പടിഞ്ഞാറ്) മാർക്കറ്റിലെ മത്സ്യസ്റ്റാളില് നിന്നും 10കിലോ ചൂര മീൻ നശിപ്പിച്ചു. പഴക്കം ചെന്ന നിലയിലായ മത്സ്യത്തിൽ സ്ട്രിപ്പ് ടെസ്റ്റിൽ ഫോർമാലിന് സാന്നിധ്യം കണ്ടതിനെ തുടർന്നാണിത്. ലോക്ക് ഡൗൺ കാലത്ത് മത്സ്യങ്ങളിൽ മായം ചേർക്കുന്നുണ്ടെന്ന വിവരത്തെ തുടർന്നാണ് ഓപ്പറേഷന് സാഗര് റാണി ശക്തമാക്കിയത്. അരൂർ സർക്കിള് ഭക്ഷ്യ സുരക്ഷാ ഓഫീസര് രാഹുല് രാജ് വി.,ചേർത്തല സർക്കിള് ഭക്ഷ്യ സുരക്ഷാ ഓഫീസര് സുബിമോള് വൈ.ജെ, ഫിഷറീസ് ഇൻസ്പെക്ടർ സൂര്യ പി.എസ്, പ്രിൻസ് ജി എന്നിവര് റെയ്ഡില് പങ്കെടുത്തു. വരും ദിവസങ്ങളിലും പരിശോധന തുടരും.

(ചിത്രമുണ്ട്)

# കൃഷി അവകാശം ലേലം ചെയ്യുന്നു

ആലപ്പുഴ: അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിൽ ബ്ലോക്ക് നം.20 റീസർവ്വേ 98/1 ൽപ്പെട്ട 1.33.40 ഹെക്ടർ 98/3ൽ പ്പെട്ട 10.30 ആർസ് 99/1ൽ പ്പെട്ട 65.60 ആർസ് ഉൾപ്പടെ 2.09.30 ഹെക്ടർ സർക്കാര് പുറമ്പോക്ക് നിലത്തെ കൃഷി അവകാശം ഒരു വർഷത്തേക്ക് ലേലം ചെയ്യുന്നു. ഏപ്രിൽ 18ന് രാവിലെ 11മണിക്ക് പുറക്കാട് വില്ലേജ് ഓഫീസിൽ വെച്ചാണ് ലേലം. ലേലത്തിൽ പങ്കെടുക്കാന് താൽപര്യമുള്ളവര് ലേല സ്ഥലത്ത് ഹാജരായി 10,000രൂപ നിരതദ്രവ്യം കെട്ടിവെക്കണം. ലേല നടപടികൾ സർക്കാര് നടപടികൾക്ക് വിധേയമായിരിക്കുമെന്ന് അമ്പലപ്പുഴ ഭൂരേഖ തഹസിൽദാര് അറിയിച്ചു.